ഉത്തരം

പരമ്പരാഗത തൊഴിൽ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 2015-16 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 108-ാം ഇനമായി വകയിരുത്തിയ 10 കോടി രൂപയുള്ള പദ്ധതി നിർദ്ദേശങ്ങൾ സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ വ്യവസായ വാണിജ്യ ഡയറക്ടറും കയർ വികസന ഡയറക്ടറും കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് സെക്രട്ടറിയും സ്വീകരിച്ചുവരുന്നു.

പൊളിമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്ത് ചെയ്യുന്ന പ്രവൃത്തികൾ

162 (4744) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിനുകീഴിലുള്ള പൊളിമേഖലാ സ്ഥാപനങ്ങൾ പൊളിമരാമത്ത് വകുപ്പ് ടെണ്ടർ ചെയ്യുന്ന പ്രവൃത്തികൾ ഏറ്റെടുക്കാറുണ്ടോ ;

(ബി) എങ്കിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് എന്താണെന്ന് വിശദമാക്കാമോ ;

(സി) കുന്ദമംഗലം മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണ പ്രവൃത്തി സിൽക്ക് ഏറ്റെടുത്തിട്ടുണ്ടോ ;

(ഡി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്പനികളുടെ ഫണ്ടുപയോഗിച്ചാണ് പ്രവൃത്തികൾ ഏറ്റെടുക്കുന്നത്.

(സി - ഡി) കുന്ദമംഗലം മിനി സ്റ്റേഷൻ കെട്ടിട നിർമ്മാണ പ്രവൃത്തി സിൽക്ക് ഏറ്റെടുത്തിട്ടില്ല.

പൊളിമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. മാരുടെ നിയമനത്തിനുള്ള പ്രായപരിധി

163 (4745) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊളിമേഖലാ സ്ഥാപനങ്ങളിലെ എം.ഡി.-മാരുടെ നിയമനത്തിൽ പ്രായപരിധി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly